**25.06.2019**

# രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേളയ്ക്ക് ഇന്ന് (26.06.2019) കൊടിയിറക്കം

- സമാപന ചടങ്ങിൽ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ മുഖ്യാതിഥിയാകും
- വിവിധ വിഭാഗങ്ങളിലായി 262 ചിത്രങ്ങളുടെ പ്രദർശനം പൂർത്തിയാകും

കാഴ്ചയുടെ ആറ് പകലിരവുകളൊരുക്കിയ പന്ത്രണ്ടാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേളയ്ക്ക് ഇന്ന് (26.06.2019) കൊടിയിറങ്ങും. വൈകിട്ട് 5.30 ന് കൈരളി തീയറ്ററിൽ സാംസ്കാരികകാര്യ വകുപ്പ് മന്ത്രി എ.കെ. ബാലൻ അധ്യക്ഷനാകുന്ന സമാപന ചടങ്ങിൽ കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ മുഖ്യാതിഥിയാകും. ഡോക്യുമെന്ററി സംവിധായിക മധുശ്രീ ദത്തയെ രണ്ട് ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്ന സമഗ്ര സംഭാവനയ്ക്കുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നൽകി ചടങ്ങിൽ അദ്ദേഹം ആദരിക്കും.

ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ സമാപന ചടങ്ങിൽ മേള അവലോകനം നടത്തും. വിവിധ വിഭാഗങ്ങളിലെ പുരസ്കാരങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങളെ അക്കാദമി വൈസ് ചെയർപേഴ്സണും മേളയുടെ ആർട്ടിസ്റ്റിക് ഡയറക്ടറുമായ ബീനാ പോൾ പ്രഖ്യാപിക്കും. വസന്ത് സായി, ആൻഡ്രിയ ഗുസ്മാൻ എന്നിവർ ഫിക്ഷൻ, നോൺ ഫിക്ഷൻ വിഭാഗങ്ങളുടെ ജൂറി റിപ്പോർട്ട് അവതരിപ്പിക്കും. ഫിക്ഷൻ വിഭാഗത്തിന്റെ അവാർഡ് വിതരണം സ്പീക്കർ പി. ശ്രീരാമകൃഷ്ണനും നോൺ ഫിക്ഷൻ വിഭാഗത്തിന്റെ അവാർഡ് വിതരണം സാംസ്കാരികകാര്യ വകുപ്പ് മന്ത്രി എ.കെ. ബാലനും നിർവഹിക്കും. ജൂറി അംഗങ്ങൾക്കുള്ള ഉപഹാര സമർപ്പണം മേയർ അഡ്വ. വി.കെ. പ്രശാന്തും നവറോസ് കോൺട്രാക്ടർ അവാർഡ് സമർപ്പണം കെ.എസ്.എഫ്.ഡി.സി ചെയർമാൻ ഷാജി എൻ കരുണും നിർവഹിക്കും. ചടങ്ങിൽ ചൈന ഫിലിം ഗ്രൂപ്പ് കോർപറേഷൻ ഫെസ്റ്റിവൽ ഡയറക്ടർ ഷിങ് ഷിന്യാൻ ചെയർമാന് ഉപഹാരം നൽകി ആശംസകൾ അർപ്പിച്ച് സംസാരിക്കും. സമാപന ചടങ്ങിന് അക്കാദമി സെക്രട്ടറി മഹേഷ് പഞ്ചു സ്വാഗതവും ജനറൽ കൗൺസിൽ അംഗം ജി.പി രാമചന്ദ്രൻ നന്ദിയും അറിയിക്കും.

മേളയുടെ സമാപന ദിനമായ ഇന്ന് (26-06-2019) മത്സര വിഭാഗത്തിലെയും ഫോക്കസ്, ക്യൂറേറ്റഡ് പാക്കേജുകളിലെയും പ്രദർശനം പൂർത്തിയാകും. അസമീസ്

സംവിധായികയും ചെറുകഥാകൃത്തുമായ മഞ്ജു ബോറ, ചലച്ചിത്ര നിരൂപക നമ്രതാ ജോഷി, സംവിധായകനും തിരക്കഥാകൃത്തുമായ വസന്ത് സായ് എന്നിവരാണ് കഥാവിഭാഗത്തിലെ ജൂറികൾ. ഡോക്യുമെന്ററി സംവിധായിക ആൻഡ്രിയ ഗുസ്മാൻ, സംവിധായകൻ ഹൗബാം പബൻ കുമാർ, പരിസ്ഥിതി പ്രവർത്തകനും സംവിധായകനുമായ സഞ്ജയ് കക് എന്നിവരാണ് കഥേതര വിഭാഗത്തിലെ ജൂറികളാകുന്നത്. മേളയിലെ മികച്ച ലോങ് ഡോക്യുമെന്ററിയായി തെരഞ്ഞെടുക്കപ്പെടുന്ന ചിത്രം നേരിട്ട് ഓസ്കർ പ്രവേശനത്തിന് അർഹമാകും. ഡോക്യുമെന്ററി മേഖലയ്ക്ക് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്ര മേള നൽകുന്ന സംഭാവനകൾ പരിഗണിച്ച് അക്കാദമി ഓഫ് മോഷൻ പിക്ചേഴ്സ് ആർട്സ് ആന്റ് സയൻസാണ് ഈ അവസരം ഏർപ്പെടുത്തിയിരിക്കുന്നത്. മേളയുടെ ഷോർട്ട് ഫിക്ഷൻ, ഷോർട്ട് ഡോക്യുമെന്ററി, ലോങ് ഡോക്യുമെന്ററി, ക്യാമ്പസ് ഫിലിംസ് വിഭാഗങ്ങളിലായി 63 ചിത്രങ്ങളാണ് മത്സര വിഭാഗത്തിലുള്ളത്.